# Little KITEs Perassannur

## GHSS Perassannur

**Quarterly Report**
**June - August**
**2025-26**

## 1. ലിറ്റിൽ കൈറ്റ് പ്രവേശനോത്സവം - 2/6/2025



പേരശ്ശന്നൂർ: സാങ്കേതിക വിദ്യാ ലോകത്തിന്റെ പുതിയ തലത്തിലേക്കുള്ള വാതായനം തുറന്ന് ലിറ്റിൽ കൈറ്റ് പ്രവേശനോത്സവം. ലിറ്റിൽ കൈറ്റിൽ പരിശീലനം നൽകുന്ന സോഫ്റ്റ്‌വെയറുകൾ , അവയുടെ ഉപരിപഠനത്തിനായുള്ള സ്ഥാപനങ്ങൾ, ജോലി സാധ്യതകൾ എന്നിവ പരിചയപ്പെടുത്തുന്ന എക്സിബിഷൻ പ്രവേശനോത്സവത്തിന്റെ മുഖ്യ ആകർഷണമായിരുന്നു.

നവാഗതരായ വിദ്യാർഥികൾക്ക് ലിറ്റിൽ കൈറ്റിന്റെ പ്രവർത്തനം പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് പ്രവേശനോത്സവം സംഘടിപ്പിച്ചത്. ലിറ്റിൽ കൈറ്റിന്റെ സിലബസ് പരിചയപ്പെടുത്തുകയും ,
ലിറ്റിൽ കൈറ്റ് പ്രവേശന പരീക്ഷയെക്കുറിച്ചുമുള്ള സെമിനാർ അവതരണവും നടന്നു.

## 2. പരിസ്ഥിതി ദിനം - 5/6/2025





### ടെക്നോളജിയുമായി പ്രകൃതിക്കൊപ്പം

പേരശ്ശന്നൂർ: ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ജി.എച്ച്.എസ്.എസ് പേരശ്ശന്നൂരിലെ ലിറ്റിൽ കൈറ്റ് യൂണിറ്റ് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. പൊതുജനങ്ങൾക്കായി പ്ലാസ്റ്റിക് ബോധവൽക്കരണ സെമിനാർ,ഗെയിം,ക്വിസ് എന്നിവ പരിപാടിയുടെ ഭാഗമായി പേരശ്ശന്നൂർ അങ്ങാടിയിൽ വെച്ചും, അമ്മമാർക്കായി പേരശ്ശന്നൂർ അങ്കണവാടിയിൽ വെച്ചുമാണ് പരിപാടികൾ നടത്തിയത്.
ലിബർ ഓഫീസ് ഇമ്പ്രസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ പ്രസന്റേഷൻ സ്ലൈഡുകൾ ഉപയോഗിച്ച് പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ ബോധവൽക്കരണ ക്ലാസ് ,ക്വിസ് ,സ്ക്രാച്ച് ഉപയോഗിച്ച് നിർമ്മിച്ച ഷൂട്ടൗട്ട് ഗെയിം എന്നിവ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. പരിപാടിയിൽ പങ്കെടുത്തവർക്ക് പരിസ്ഥിതി സംരക്ഷണ സന്ദേശം നൽകിക്കൊണ്ട് പ്ലാവില കുമ്പിളിൽ മുളകിൻ തൈകൾ സമ്മാനമായി നൽകി.

## 3. ലഹരി വിരുദ്ധ ദിനം - 26/6/2025



ഡിജിറ്റൽ പോരാട്ടത്തിലൂടെ ലഹരിക്കെതിരെ പേരശ്ശന്നൂർ ലിറ്റിൽ കൈറ്റ് യൂണിറ്റ്. "കുട്ടികളിലെ ലഹരി ഉപയോഗവും പരിഹാര മാർഗങ്ങളും" എന്ന വിഷയത്തിൽ ബോധവൽക്കരണ സെമിനാർ,ക്വിസ്, പ്രൈമറി കുട്ടികൾക്ക് ഡിജിറ്റൽ പെയിന്റിങ് മത്സരം എന്നീ പരിപാടികളോടെ ലഹരി വിരുദ്ധ സന്ദേശം നൽകി ലോക ലഹരി വിരുദ്ധ ദിനത്തിൽ ലിറ്റിൽ കൈറ്റ് യൂണിറ്റ്.



## 4. ബോധവൽക്കരണ ക്ലാസ് - 3/7/2025



### പാഠപുസ്തകത്തിനു പുറത്തും പാഠങ്ങൾ : ഗ്രാമസഭയിൽ ലഹരി ബോധവത്ക്കരണ ക്ലാസ്സ്

പേരശ്ശന്നൂർ സ്കൂളിലെ ലിറ്റിൽ കൈറ്റ് യൂണിറ്റ് കുറ്റിപ്പുറം **ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡ്** ഗ്രാമസഭയിൽ ലഹരി ബോധവൽക്കരണ ക്ലാസ് നടത്തി. "കുട്ടികളിലെ ലഹരി ഉപയോഗവും കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും" എന്ന വിഷയത്തിൽ പത്താം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ ഫാത്തിമ മിൻഹ, ദേവനന്ദ, മിൻഹാ ഫാത്തിമ അർച്ചന എന്നിവർ ക്ലാസെടുത്തു.

ശ്രീകല എന്നീ കുട്ടികളും പങ്കെടുത്തു പിടിഎ വൈസ് പ്രസിഡൻറ് വി.ടി. അബ്ദുൾ റസാഖ് വാർഡ് മെമ്പർ മുഹ്സിനത്ത് എന്നിവർ സംസാരിച്ചു.

## 5. ക്ലിക്ക് ചെയ്യുന്നതിന് മുമ്പ് ചിന്തിക്കുക: ഗ്രാമസഭയിൽ സൈബർ ബോധവൽക്കരണം 12-7-2025 ശനി

**കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് പതിനൊന്നാം വാർഡ്** ഗ്രാമസഭയിൽ ജി.എച്ച്.എസ്.എസ് പേരശ്ശന്നൂർ ലിറ്റിൽ കൈറ്റ് യൂണിറ്റ് സൈബർ സുരക്ഷ ബോധവൽക്കരണ ക്ലാസ് നടത്തി

സാമ്പത്തികത്തിലും ,സൈബർ സുരക്ഷയിലും അടിസ്ഥാനജ്ഞാനം വളർത്തുക,

സൈബർ ബോധവാന്മാരായിരിക്കുക എന്നീ ലക്ഷ്യത്തോടെ .സൈബർ തട്ടിപ്പുകളെ കുറിച്ചും അവയുടെ രീതികളെക്കുറിച്ചും അത്തരം തട്ടിപ്പുകൾ എങ്ങനെ പ്രതിരോധിക്കണമെന്നുമുള്ള വിഷയത്തെക്കുറിച്ച് പത്താം ക്ലാസിലെ ലിറ്റിൽ കൈറ്റ് അംഗങ്ങളായ ശ്രേയദാസ്.കെ.പി ,അരുണിമ പി ഫാത്തിമ നിദ. ടി എന്നിവർ ക്ലാസ് എടുത്തു.ലിറ്റിൽ കൈറ്റ് മെന്റർ മുരളീകൃഷ്ണ.വി.എം ആമുഖ പ്രസംഗം നടത്തി






## 6. സൈബർ സുരക്ഷ ബോധവൽക്കരണ ക്ലാസും , റോബോട്ടിക്സ് പരിശീലവും 19-7-2025,ശനി

കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിലെ പൈങ്കണ്ണൂർ അംഗനവാടി സെൻറർ നമ്പർ 73 ൽ വെച്ച് പേരശ്ശന്നൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ് യൂണിറ്റ് അമ്മമാർക്ക് സൈബർ സുരക്ഷ ബോധവൽക്കരണ ക്ലാസും റോബോട്ടിക്സ് പരിശീലനവും നൽകി. വിവിധ തരം സൈബർ തട്ടിപ്പുകളെ ക്കുറിച്ചും സൈബർ തട്ടികൾ എങ്ങനെ പ്രതിരോധിക്കാമെന്നും ബോധവൽക്കരണ ക്ലാസിൽ ചർച്ച ചെയ്തു. കൂടാതെ പുതിയ പാഠ്യപദ്ധതിയിലെ പത്താം ക്ലാസിലെ റോബോട്ടിക്സ് പരിശീലനം നൽകി. പിക്ടോബ്ലോക്സ്, ഓർഡിനോ ബോർഡ് എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള കോഡിങ്ങിൽ പരിശീലനം നൽകി.

വ്യാജ സമ്മാന തട്ടിപ്പ് ,കെവൈസി തട്ടിപ്പ് ,കസ്റ്റമർ കെയർ തട്ടിപ്പ് ,സെക്സ് ടോർഷൻ തുടങ്ങി തട്ടിപ്പിന്റെ ഭീഷണി രീതികളും അവ കൃത്യമായി പ്രതിരോധിക്കേണ്ടതെങ്ങനെ എന്നതിനെപ്പറ്റിയും വിശദമായ ചർച്ച നടന്നു.

ഒമ്പതാം ക്ലാസിലെ ലിറ്റിൽ കൈറ്റ് അംഗങ്ങളായ അൻസി വി, ആദിത്യ.എ.പി, ഫഹ് മിദ ലുലു.കെ.പി, സൻഹ ഫാത്തിമ.കെ.പി, മുഹമ്മദ് ഫസൽ.സി.കെ, മുഹമ്മദ് ഷഹിം എന്നിവർ ക്ലാസ് എടുത്തു ലിറ്റിൽ കൈറ്റ് മെന്റർ മുരളീകൃഷ്ണൻ വി എം നേതൃത്വം നൽകി



സൈബർ സുരക്ഷാ ബോധവത്കരണക്ലാസും റോബോട്ടിക്സ് പരിശീലനവും



19042 സൈബർ ബോധവൽക്കരണ ക്ലാസ് പത്ര വാർത്ത-മാതൃഭൂമി 23-7-2025



'''പൈങ്കണ്ണൂർ അംഗനവാടിയിൽ വെച്ച് നടന്ന റോബോട്ടിക്സ് പരിശീലനം'''

## 7. സയൻസ് ഫോട്ടോഗ്രാഫി മത്സരം: 21-7-2025 തിങ്കൾ

ചാന്ദ്രദിനത്തോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് സയൻസ് ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിച്ചു. പ്രകൃതിയിൽ ചുറ്റുപാടും കാണുന്ന ഇഷ്ടപ്പെട്ട ഫോട്ടോകൾ എടുക്കുക ഒറിജിനൽ ഫോട്ടോ ആയി ഡോക്യുമെന്റ് ആയി അയക്കണം. മേഘങ്ങൾ ,ഇലകൾ, പാറകൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന മറ്റ് ഉപകരണങ്ങൾ എന്നിവയുടെ ആകർഷകമായ ഫോട്ടോ മൊബൈൽ ഫോണിൽ എടുത്ത് അയക്കുന്നതായിരുന്നു മത്സരം.



**Science Photography Winner Hisana Sherin**

## 8. ദേശീയ ശാസ്ത്ര ദിനം ആഘോഷങ്ങൾ 2025 ആഗസ്റ്റ് 1-10

ദേശീയ ശാസ്ത്ര ദിനത്തോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ് യൂണിറ്റ് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഐ.എസ്.ആർ.ഒ യുടെ ചരിത്രം പറയുന്ന വീഡിയോ ഡോക്യുമെൻററി പ്രദർശനം, സ്പേസ് കോൺക്ലേവ് എന്നിവ ശ്രദ്ധേയമായിരുന്നു. സ്പേസ് കോൺക്ലേവിൽ 8, 9, 10 ക്ലാസിലെ കുട്ടികൾ ഐ.എസ്.ആർ.ഒ യുടെ പ്രധാന നാഴികക്കല്ലുകളും നേട്ടങ്ങളും അവതരിപ്പിച്ചു.



Space week Documentary Show



Space week Conclave

# 9. ലിറ്റിൽ കൈറ്റ് മുന്നോട്ട്, സ്കൂൾ പാർലമെന്റിൽ AI വിപ്ലവം - 2025 ആഗസ്റ്റ് 14 വ്യാഴം

ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ 2025 ലെ സ്കൂൾ പാർലമെന്റ് ഇലക്ഷൻ ഇത്തവണ ഒരു സാങ്കേതിക ആഘോഷമായി മാറി. AI സോഫ്റ്റ്വെയർ സഹായത്തോടെ പ്രത്യേകമായി തയ്യാറാക്കിയ HTML വോട്ടിംഗ് പ്രോഗ്രാം ഇൻസ്റ്റാൾ ചെയ്ത ലാപ്പുകൾ മുഖേന കുട്ടികൾ വോട്ട് രേഖപ്പെടുത്തി.

ആകെ 11 **ബൂത്തുകളിൽ** നടന്ന വോട്ടെടുപ്പിൽ ആദ്യം ക്ലാസ് ലീഡർമാരെ തെരഞ്ഞെടുക്കുകയും, പിന്നീട് അവരിൽ നിന്ന് സ്കൂൾ ലീഡറെ തീരുമാനിക്കുകയും ചെയ്യുന്ന മാതൃകയാണ് സ്വീകരിച്ചത്.

ഇലക്ട്രോണിക് വോട്ടിംഗ് കുട്ടികൾക്ക് സാങ്കേതിക വിദ്യയും ജനാധിപത്യവും ഒരുമിച്ച് പരിചയപ്പെടുത്തുന്ന **ഒരു അപൂർവ്വ അനുഭവമായി**. വോട്ടിങ് ബട്ടൺ അമർത്തുമ്പോഴുള്ള ആ ആവേശം, സ്ക്രീനിൽ കാണുന്ന നിറപ്പകിട്ടുള്ള ഡിസൈൻ, സൗകര്യപ്രദമായ സംവിധാനം – എല്ലാം കൂടി തെരഞ്ഞെടുപ്പ് ദിനത്തെ ഒരു **ടെക് ഫെസ്റ്റാക്കി** മാറ്റി.






Election 2025 Result Announcement
Inauguration By Headmster



2025 Election Distribution of EVM1

## 10 അമ്മയും കുഞ്ഞും – വിജ്ഞാനത്തിന്റെ ആഘോഷം"- 2025 ആഗസ്റ്റ് 14 വ്യാഴം

ഓഗസ്റ്റ് 15-ാം തീയതി സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ ഭാഗമായി പ്രൈമറി വിഭാഗത്തിൽ രക്ഷിതാക്കളും കുട്ടികളും ചേർന്നുള്ള ഡിജിറ്റൽ ക്വിസ് മത്സരം ആവേശോജ്വലമായി നടന്നു. ഓരോ ടീമിലും ഒരു കുട്ടിയും അവരുടെ അമ്മയും ഒരുമിച്ച് പങ്കെടുത്ത ഈ മത്സരത്തിൽ, വിവരവും വിനോദവും കൈകോർത്ത് ഒരു മനോഹര അനുഭവം സൃഷ്ടിച്ചു.

ലിബ്രോ ഓഫീസ് ഇമ്പ്രെസിൽ തയ്യാറാക്കിയ നിറപ്പകിട്ടുള്ള സ്ലൈഡുകൾ ഉപയോഗിച്ച് നടന്ന ക്വിസ്, മത്സരാർത്ഥികൾക്കും പ്രേക്ഷകർക്കും വിസ്വൽ ഫെസ്റ്റിവൽ പോലെ തോന്നിച്ചു.

ലിറ്റിൽ കൈറ്റ് അംഗങ്ങളായ ഗായത്രി പി, ഫഹ്മിദ ലുലു കെ പി, ഹിസാന, ഷെറിൻ എന്നിവർ സംഘാടകരായി.



ക്വിസ് മത്സര വിജയികൾ



ക്വിസ് മത്സരത്തിൽ നിന്ന്

<u>11</u>